(സി) ഗ്രാമപഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളുടെ പ്രതിമാസ പരിശോധന നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. പ്രസ്തുത വിഷയം പരിശോധിക്കുമ്പോൾ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച കാര്യങ്ങളിലും ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതാണ്.

(ഡി) 17-10-1997-ലെ സ.ഉ.(പി.) നമ്പർ 235/97/തഭവ പ്രകാരം പുറപ്പെടുവിച്ച 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരമാണ് പെർഫോമൻസ് ഓഡിറ്റ് സംവിധാനം പ്രവർത്തിക്കുന്നത്. പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ കർത്തവ്യങ്ങൾ പ്രസ്തുത ചട്ടങ്ങളിലെ വകുപ്പ് 4 മുതൽ വിശദമാക്കിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റം

175 (7474) ശ്രീ. എളമരം കരീം :
ശ്രീ. എ. കെ. ബാലൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റുന്നത് ഭരണഘടനാ വിരുദ്ധമാണോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, താല്ക്കാലികമാണെങ്കിൽപ്പോലും വകമാറ്റുന്നത് വികേന്ദ്രീകൃതാസൂത്രണത്തെ എപ്രകാരം ബാധിക്കുന്നുവെന്നകാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

### ഉത്തരം

(എ&ബി) വികേന്ദ്രീകൃതാസൂത്രണത്തിന്റെ അന്തഃസത്തക്കനുയോജ്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ സംസ്ഥാന ധനകാര്യ കമ്മീഷനുകൾ കാലാകാലങ്ങളിൽ ശുപാർശകൾ തരാറുണ്ട്. ഇവ പരിശോധിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാക്രമം നിശ്ചയിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത്. അവർക്ക് ആയതിന് പൂർണ്ണ സ്വാതന്ത്ര്യവുമുണ്ട്. അതുകൊണ്ട് തന്നെ വിനിയോഗ ക്രമങ്ങളെ സംബന്ധിച്ച് സർക്കാർ പലപ്പോഴും താത്ക്കാലികമോ അല്ലാതെയോ ഉള്ള നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. ഇവ ഭരണഘടനയ്ക്കോ വികേന്ദ്രീകൃതാസൂത്രണ ഉദ്ദേശ്യലക്ഷ്യങ്ങൾക്കോ വിരുദ്ധമാണെന്ന് കരുതാനാവില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly